**പതിനാലാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 5425 — 31.10.2016 ൽ മറുപടിയ്ക്ക്

## ഡിസെബിലിറ്റി സർട്ടിഫിക്കറ്റിന് കാലതാമസം

| ചോദ്യം<br>ശ്രീ. കെ. ദാസൻ | | മറുപടി<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | അംഗപരിമിതർക്ക് ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിൽ മെഡിക്കൽ ബോർഡിൽ കാലതാമസം ഉണ്ടാവുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്ന മെഡിക്കൽ ബോർഡിന്റെ ഘടനയും ബോർഡിൽ ചുമതല നിർവഹിക്കുന്ന ഡോക്ടർമാരുടെ വിശദാംശവും ലഭ്യമാക്കാമോ; | (ബി) | ജി.ഒ.(പി) 161/97/എച്ച് & എഫ് ഡബ്ള്യൂ. തിരുവനന്തപുരം തീയതി 15.05.1997 പ്രകാരം കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്ന മെഡിക്കൽ ബോർഡിന്റെ ഘടന താഴെ കൊടുക്കുന്നു.<br>ചെയർമാൻ - ബന്ധപ്പെട്ട സ്ഥാപനത്തിലെ മേലധികാരി<br>അംഗങ്ങൾ - 1. പീഡിയാട്രിസ്റ്റ്<br>2. ഓർത്തോ പീഡീഷ്യൻ<br>3. ഓഫ്ത്താൽമോളജിസ്റ്റ്<br>4. ഇ.എൻ.ടി. സർജൻ<br>5. സൈക്യാട്രിസ്റ്റ് |
| (സി) | കോഴിക്കോട് ജില്ലയിൽ വിവിധ താലൂക്കാശുപത്രികളിൽ സമർപ്പിക്കപ്പെട്ട ഡിസെബിലിറ്റി സർട്ടിഫിക്കറ്റിനുള്ള എത്ര അപേക്ഷകൾ തീർപ്പാകാതെയുണ്ടെന്ന് വിശദമാക്കാമോ; പ്രസ്തുത അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | കോഴിക്കോട് ജില്ലയിലെ താലൂക്ക് ആശുപത്രികളിൽ സമർപ്പിക്കപ്പെട്ട ഡിസെബിലിറ്റി സർട്ടിഫിക്കറ്റിനുള്ള 138 അപേക്ഷകൾ ആകെ തീർപ്പാക്കാനുണ്ട്. പ്രസ്തുത അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ